/101110/2023

**സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ചേതൻ കുമാർ മീണ IAS)**

ഉത്തരവ് നം. SJD/2489/2023-E2

തിരുവനന്തപുരം,
തീയതി. 17-06-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീ.വിശാഖൻ.വി.ജി ക്ലാർക്ക് ടൈപ്പിസ്റ്റിനെ എൽ.ഡി.ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റിലിസ്റ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സ.ഉ(സാധാ)നം .243/2022/SJD തീയതി:05.11.2022.

2.സാമൂഹ്യനീതി വകുപ്പ് ഡയറക്ടരുടെ 27/04/20 ലെ SJD/961/2020-ഇ9 നമ്പർ നടപടി ക്രമങ്ങൾ.

3.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21.07.2020 തീയതിയിലെ SJD/2222/2020/E2 നമ്പർ നടപടി ക്രമങ്ങൾ.

4.സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.05.2023 തീയതിയിലെ SJD/961/2020/E9 നമ്പർ നടപടി ക്രമങ്ങൾ

5.സ.ഉ.(അച്ചടി) നം.515/07/ധന തീയതി.19/10/2007

ശ്രീ.വിശാഖൻ.വി.ജി ക്ലാർക്ക്-ടൈപ്പിസ്റ്റ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണൽ മുൻപാകെ ഫയൽ ചെയ്ത OA 930/2022 നമ്പർ കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണലിന്റെ അന്തിമവിധി നടപ്പിൽ വരുത്തി പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സർക്കർ ഉത്തരവിൽ സാമൂഹികനീതി വകുപ്പിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.വിശാഖൻ.വി.ജി-യുടെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ അഡ്വൈസ് സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ജീവനക്കാരന് സീനിയോറിറ്റി നിശ്ചയിച്ച് നൽകി യു.ഡി.ടൈപ്പിസ്റ്റ് ആയി പ്രൊമോഷൻ അനുവദിച്ച് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.പ്രതിഭ.കെ.പി എന്ന ജീവനക്കാരിയും ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ചത് കൂടി പരിഗണിച്ച് ശ്രീ.വിശാഖൻ.വി.ജി, ശ്രീമതി.പ്രതിഭ.കെ.പി എന്നീ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ രണ്ട് ജീവനക്കാരെയും പരാമർശം 4 പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോരിറ്റിലിസ്റ്റിൽ ഉൾപ്പെടുത്തികൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സാമൂഹ്യനീതിവകുപ്പ് വിഭജനത്തിനു ശേഷം വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പരാമർശം 2 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതി അടിസ്ഥാനത്തിൽ രണ്ടുപേർക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കും നാലു പേർക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്കും ഒരാൾക്ക് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്കും പരാമർശം 3 പ്രകാരം റേഷ്യോപ്രൊമോഷൻ അനുവദിച്ചു ഉത്തരവായിട്ടുള്ളതുമാണ്. യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടുള്ള റേഷ്യോ

/101110/2023

പ്രൊമോഷന്റെ ഒഴിവ് കണക്കാക്കിയും, ശ്രീ.വിശാഖൻ.വി.ജിയുടെ സീനിയോരിറ്റി പ്രകാരം ടിയാളുടെ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയ 10.10.2020 തീയതി മുതൽക്ക് ശ്രീ.വിശാഖൻ.വി.ജി-യ്ക്ക് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.വിശാഖൻ.വി.ജി ക്ലാർക്ക് ടൈപ്പിസ്റ്റിനെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഉൾപ്പെടുത്തിയ സീനിയോരിറ്റി പ്രകാരം (35600-75400) രൂപ ശമ്പള സ്കെയിലിൽ യു.ഡി ടൈപ്പിസ്റ്റ് ആയി ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർക്കും പ്രകാരം നിയമിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര്, ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും, തസ്തികയും | സീനിയോരിറ്റി ഉത്തരവ് നമ്പർ തീയതി | സീനിയോരിറ്റി നമ്പർ | സ്ഥാനകയറ്റം അനുവദിക്കുന്ന കാര്യാലയവും, തസ്തികയും | പ്രാബല്യ തീയതി |
|---|---|---|---|---|
| ശ്രീ.വിശാഖൻ വി.ജി ക്ലാർക്ക് ടൈപ്പിസ്റ്റ് പ്രൊബേഷൻ ഓഫീസ് ഇടുക്കി | SJD/961/ 2020-E9 തീയതി 17.05.2023 | 11 A | യു.ഡി.ടൈപ്പിസ്റ്റ് ജില്ലാ സാമൂഹ്യനീതി ഓഫീസ് പത്തനംതിട്ട. | 10.10.2020 |

റേഷ്യോ പ്രൊമോഷൻ അനുവദിച്ച ജീവനക്കാരന് KSR ഭാഗം I ചട്ടം 28 A പ്രകാരം ശമ്പള നിർണ്ണയത്തിനും പരാമർശം (5) ഉത്തരവ് പ്രകാരമുള്ള ശമ്പള കുടിശിഖ ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. ജീവനക്കാരന് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. ജീവനക്കാരനെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Signed by Chetan Kumar Meena
Date: 17-06-2023 10:47:50

**ചേതൻ കുമാർ മീണ IAS**
**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

ശ്രീ.വിശാഖൻ.വി.ജി
ക്ലാർക്ക് ടൈപ്പിസ്റ്റ്, പ്രൊബേഷൻ ഓഫീസ് ഇടുക്കി.
(കാര്യാലയ മേധാവി മുഖേന)

പകർപ്പ് :

1. പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-I ഇടുക്കി
2. ജില്ലാ സാമൂഹ്യനീതി ഓഫീസർ ഇടുക്കി